# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2750 | 17.10.2016-ൽ മറുപടിക്ക് |

## മിൽമ പ്ലാന്റ് അറ്റൻഡർ തസ്തിക നിയമനത്തിലെ അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ് | ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| എ) | തിരുവനന്തപുരം വിജിലൻസ് കോടതി ഉത്തരവിൻ പ്രകാരം മിൽമ, തിരുവനന്തപുരം മേഖലാ യൂണിയനിൽ 2015-16-ൽ നടന്ന പ്ലാന്റ് അറ്റൻഡർ തസ്തിക നിയമനത്തിലെ അഴിമതിയെക്കുറിച്ച് വിജിലൻസ് നടത്തിയ ത്വരിത പരിശോധനാ റിപ്പോർട്ട് പ്രകാരം 14.7.2016-ൽ ടി കോടതി ഉത്തരവായ കേസ് നമ്പർ CMP41/2016(V.C. 04/2016/SIU-1) ന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ; | എ) യും<br>ബി) യും<br>സി) യും<br>ഡി) യും<br>ഇ) യും | V.C.04/2016/SIU-I നമ്പർ കേസിന്റെ അന്വേഷണം പുരോഗമിച്ചു വരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമേ വിശദ വിവരങ്ങൾ അറിയാൻ സാധിക്കുകയുള്ളൂ. |
| ബി) | പ്രസ്തുത തസ്തികയിലുള്ള നിയമനത്തിന്റെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയായ 30.08.2013-ന് ശേഷം അന്നത്തെ മിൽമ ചെയർമാൻ കല്ലട രമേശൻ എന്ന ആൾ ടിയാന്റെ വീടിന്റെ അടുത്തുള്ള 5 പേരുടെ അപേക്ഷ വ്യാജമായി സ്വീകരിച്ചെന്നും ഈ 5 പേരിൽ പലർക്കും ജോലി അവിഹിതമായി ടി ചെയർമാൻ ഇടപെട്ട് നൽകിയെന്നും വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരുകി കയറ്റിയ അപേക്ഷകർ ആരെല്ലാം; ഇതിൽ ആർക്കൊക്കെ ജോലി നൽകി; പേരും അഡ്രസ്സും സഹിതം വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| സി) | പ്രസ്തുത നിയമനത്തിന്റെ എഴുത്തു പരീക്ഷയിൽ 67 മാർക്ക് വാങ്ങിയ സന്തോഷ് കുമാർ എന്ന യോഗ്യതയുള്ള അപേക്ഷകന് നിയമാനുസരണം ജോലി നൽകാതെ വെറും 54 മാർക്ക് വാങ്ങിയ ആൾക്ക് ജോലി കൊടുത്തതായി വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ മാർക്ക് കുറഞ്ഞ എത്ര പേർക്കാണ് ജോലി നൽകിയിരിക്കുന്നത് ; പേരു സഹിതം വ്യക്തമാക്കുമോ | | |
| ഡി) | പ്രസ്തുത നിയമനങ്ങളിൽ ചെയർമാനും ഭരണസമിതി അംഗങ്ങളും കൂടി സാമ്പത്തിക അഴിമതി നടത്തിയാണ് ആൾക്കാർക്ക് നിയമനം നൽകിയതെന്ന് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| ഇ) | ഈ തസ്തികയിൽ എത്ര പേർക്കാണ് ഈ ബോർഡ് നിയമനം നൽകിയതെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; ഇവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ; | | |
| എഫ്) | ഈ നിയമനം സംബന്ധിച്ച് വിജിലൻസ് അധികാരികൾക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളവർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ? | എഫ്) | ഈ കേസ് രജിസ്റ്റർ ചെയ്തതിന്ശേഷം ഇതു സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. |

Rashmi T (signature)

സെക്ഷൻ ഓഫീസർ